(ഡി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി പണി ടെണ്ടർ ചെയ്യുന്നതിനാവശ്യമായ അധിക തുക ബഡ്ജറ്റിൽ വകകൊള്ളിച്ചതിനുശേഷം മാത്രമേ പ്രസ്തുത പണികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

96 (1640) എറണാകുളം-തേക്കടി സ്റ്റേറ്റ് ഹൈവേ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം-തേക്കടി സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുള്ള റോഡ് ഏതാണെന്നും ഏത് ലൈനിലാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് വീതികൂട്ടി പൂർണ്ണ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത റോഡ് പാലാരിവട്ടത്തുനിന്ന് തുടങ്ങി കിഴക്കമ്പലം, പട്ടിമറ്റം, വീട്ടൂർ, മൂവാറ്റുപുഴ, അരക്കുഴ, പാണ്ടപ്പള്ളി, പാറക്കടവ്, തൊടുപുഴ, കാരിക്കോട്, മഞ്ഞാറ, മൂലമറ്റം, പുള്ളിക്കാനം, ഉപ്പുതറ, പറപ്പു, കരികുളം, പുല്ലുമേട്, ആനവിലാസം, കുമിളി ഒന്നാം മൈൽ, കുമിളി വഴി തേക്കടിയിൽ എത്തിച്ചേരുന്നു.

(ബി)&(സി) പ്രസ്തുത റോഡിന്റെ താഴപ്പറയുന്ന ഭാഗങ്ങൾ വീതികൂട്ടി പൂർണ്ണ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവയ്ക്ക് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയും താഴെച്ചേർക്കുന്നു.

1. കുമിളി മുതൽ തേക്കടി വരെയുള്ള ഭാഗം (കി.മീ. 0/0 മുതൽ 4/200 വരെ) 4 ലക്ഷം രൂപ.

2. പുള്ളിക്കാനം മുതൽ വാഗമൺ വരെ (കി.മീ. 4/00 മുതൽ 8/90 വരെ) - 4 ലക്ഷം രൂപ.

3. വാഗമൺ കുവലേറ്റം റോഡ് - 95 ലക്ഷം രൂപ.

4. കാഞ്ഞിരമറ്റം-മങ്ങാട് കവല റോഡ് - 6 ലക്ഷം രൂപ.

5. മണക്കാട്-കാരിക്കോട് ഭാഗം - 6 ലക്ഷം രൂപ. ബാക്കി ഭാഗങ്ങളും വീതികൂട്ടി ഗതാഗത യോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

97 (1641) പേരാവൂർ മണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly